കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - -വെളിനല്ലൂർ ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് ഉദ്ഘാടനം അധികമായി തുക ചെലവഴിച്ച നടപടി -സാധൂകരണം- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ(സാധാ)നം. 4042/2017/തസ്വഭവ തിരുവനന്തപുരം, തീയതി,14.12.2017.

വായന —1. സ.ഉ(സാധാ)നം.3866/2015/തസ്വഭവ തീയതി 28/12/2015

2.വെളിനല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ 20/06/2017 ലെ ജെ.എസ്- 3038/17 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വെളിനല്ലൂർ ഗ്രാമപഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സ് ഉദ്ഘാടനവുമായി ബന്ധപ്പെട്ട് തനത് ഫണ്ടിൽ നിന്നും **41,500/-** രൂപ ചെലവു വരുകയുണ്ടായെന്നും ആയതിനാൽ വായന **(1)** ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകളിൽ നിന്നും വ്യത്യസ്തമായി **16,500/-**രൂപ (പതിനാറായിരത്തി അഞ്ഞൂറ് രൂപ മാത്രം) അധികമായി ചെലവഴിച്ച നടപടി സാധൂകരിച്ച് ഉത്തരവാകണമെന്നും വായന **(2)** ലൂടെ വെളിനല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വെളിനല്ലൂർ ഗ്രാമപഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സ് ഉദ്ഘാടനവുമായി ബന്ധപ്പെട്ട് തനത് ഫണ്ടിൽ നിന്നും അധികമായി **16,500/-**രൂപ (പതിനാറായിരത്തി അഞ്ഞൂറ് രൂപ മാത്രം) ചെലവഴിച്ച പഞ്ചായത്തിന്റെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി/ പ്രസിഡണ്ട്, വെളിനല്ലൂർ ഗ്രാമപഞ്ചായത്ത്,കൊല്ലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (ഒ.എസ്) വകുപ്പ്(ഡിബി2/362/2017/തസ്വഭവ)
കരുതൽ ഫയൽ /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ